പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1788 | 12.06.2019-ലെ മറുപടിക്ക്

## **കെ.എസ്.ആർ.ടി.സി യുടെ കടബാദ്ധ്യത**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

<table>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി യുടെ കടബാദ്ധ്യത എത്ര കോടി രൂപ ആയിരുന്നു;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31/03/2016 ലെ കണക്ക് പ്രകാരം സർക്കാർ വായ്പ ഉൾപ്പെടെ 2933.12 കോടി രൂപയായിരുന്നു കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പ ഇനത്തിലും മറ്റിനത്തിലുമായി കെ.എസ്.ആർ.ടി. സി യ്ക്ക് എത്ര കോടി രൂപ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യ്ക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.
<table>
<tr><th>വർഷം</th><th>പ്ലാൻ ശീർഷകം മുഖേനയുള്ള പദ്ധതി വിഹിതം (തുക കോടി രൂപയിൽ)</th><th>പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങൾ മുഖേനയുള്ള വായ്പാ വിഹിതം (തുക കോടി രൂപയിൽ)</th></tr>
<tr><td>2016-17</td><td>40.61</td><td>305.00</td></tr>
<tr><td>2017-18</td><td>0</td><td>835.00</td></tr>
<tr><td>2018-19</td><td>5.60</td><td>1056.34</td></tr>
<tr><td>2019-20 (ഇതു വരെ)</td><td>0</td><td>183.2997</td></tr>
</table>
2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി കെ.എസ്.ആർ.ടി. സി.ക്ക് അനുവദിച്ചതിൽ 9.60 കോടി രൂപ സാമ്പത്തിക വർഷാവസാനം സർക്കാർ</td></tr>
</table>

| | | | |
|---|---|---|---|
| | | | തിരിച്ചെടുത്തിരുന്നു. ഇതിൽ 5.60 കോടി രൂപ 2018-19 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി.ക്ക് തിരികെ അനുവദിച്ചിട്ടുണ്ട്. |
| (സി) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ കെ.എസ്.ആർ.ടി.സി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി ലാഭകരമാകാനുള്ള നടപടിയുടെ ഭാഗമായി സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ. ടി.സിയുടെ അധീനതയിലുള്ള സ്ഥല ങ്ങളിൽ വ്യാവസായിക വാണിജ്യ അടി സ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, ലേലം / ടെണ്ടർ നടപടി കളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാ ക്കിയും കൂടാതെ കെ.എസ്.ആർ.ടി.സി യുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധികവരുമാനം ലഭിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. കെ.എസ്.ആർ.ടി.സിയ്ക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റു കളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റാളുകൾ എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ, ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി 3 വർഷമായി നിജപ്പെടുത്തുക യും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർ ലേലം നടത്തുകയും, സ്റ്റാളുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ നിലവിൽ നൽകിക്കൊ ണ്ടിരിക്കുന്ന ലൈസൻസ് ഫീയിൽ 100% |

| | | | |
|---|---|---|---|
| | | | വർധനവ് വരുത്തി പുതുക്കി നൽകിയ വഴിയിലും പ്രതിമാസ ലൈസൻസ് ഫീയിൽ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിലും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവർ, ഡിജിറ്റൽ വീഡിയോ വോൾ എന്നിവ സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിക്കുന്നതിലും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി KSRTC ബസുകൾ പരസ്യത്തിനു നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടിയിലേക്കും, KURTC ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടി രൂപയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധനവാണ് KSRTC യ്ക്ക് ലഭിച്ചത്. കെ.എസ്.ആർ.ടി.സി ബസുകളിൽ കൊറിയർ, പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000/- രൂപ ലഭിക്കുന്നു. ഇത് പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർധനവ് വരുത്തിയിട്ടുണ്ട്.<br>പലിശ രഹിത നിക്ഷേപം സമാഹരിച്ച് വാണിജ്യ സാധ്യതയുള്ള തിരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നുണ്ട്. നിലവിൽ കൊട്ടാരക്കര, കാട്ടാക്കട, നെയ്യാറ്റിൻകര, പയ്യന്നൂർ, കാസർഗോഡ്, നെടുമങ്ങാട് എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം |

| | | | |
|---|---|---|---|
| | | | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ തമ്പാനൂർ, കോഴിക്കോട്, അങ്കമാലി, തിരുവല്ല എന്നീ സ്ഥലങ്ങളിൽ BOT അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. |
| (ഡി) | ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും കെ.എസ്.ആർ.ടി.സി ക്ക് വായ്പ ലഭിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) യും (ഇ) യും | സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി, കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ പൊതുമേഖലാ ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റിക്കഴിഞ്ഞു. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.യ്ക്ക് ദീർഘകാല വായ്പയായി 9.2 ശതമാനം പലിശ ഇനത്തിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും 3100 കോടി രൂപ പൊതുമേഖലാ ബാങ്കുകൾ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. മുൻ കാലഘട്ടത്തിൽ 18 ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ പൂർണ്ണമായി തിരിച്ചടച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവിനത്തിൽ പ്രതിമാസം ഗണ്യമായ തുക മിച്ചമായി ലാഭിക്കുവാൻ കഴിഞ്ഞു. |
| (ഇ) | കൺസോർഷ്യത്തിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്നും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ; | | |
| (എഫ്) | ഡ്യൂട്ടി പാറ്റേൺ പരിഷ്കരിച്ചതു മൂലമുണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകളും ബസ് സർവീസുകൾ കുറഞ്ഞത് മൂലം പൊതുജനങ്ങൾക്കുണ്ടായ യാത്രാക്ലേശവും പരിഹരിക്കുവാൻ | (എഫ്) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോകുന്ന കെ.എസ്.ആർ.ടി.സി. യിലെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാർക്ക് ഓടുന്ന കിലോമീറ്ററിന് |

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | അധിഷ്ഠിതമായി നൽകി വന്നിരുന്ന ഡ്യൂട്ടി സമയം ഓടിക്കുന്ന സമയത്തിന്റെ അടിസ്ഥാനത്തിൽ ഏകീകരിച്ചാണ് ഡ്യൂട്ടി പരിഷ്കരണ നടപടികൾ നടപ്പിലാക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യിലെ മാനവ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തി കൂടുതൽ സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഇത്തരം പ്രവർത്തനങ്ങളിലൂടെ യാത്രകാർക്ക് സർവ്വീസുകൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി സർവ്വീസ് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ചെയിൻ സർവ്വീസുകൾ സമയനിഷ്ഠ പാലിച്ചുകൊണ്ട് കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടുമായുള്ള പുതിയ അന്തർസംസ്ഥാന കരാർ പ്രകാരമുള്ള സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**